**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2386 | | 19.07.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ക്ഷേമപെൻഷനുകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.കെ.ശശി | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | പോസ്റ്റാഫീസ് വഴി വൃദ്ധ ജനങ്ങൾക്ക് നൽകിയിരുന്ന ക്ഷേമപെൻഷനുകൾ ബാങ്കുകളിലെത്തി വാങ്ങണമെന്ന് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ വ്യവസ്ഥയുണ്ടാക്കിയതുമൂലം വയോധികരായ പെൻഷൻകാർ ബാങ്കുകളിലെത്തി ക്യൂ നിൽക്കുന്നതും ബാങ്കുകൾ ഇവരെ ക്യൂവിൽ നിർത്തി പീഡിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പെൻഷ നുകൾ പോസ്റ്റാഫീസ് വഴി നൽകാൻ നടപടികൾ സ്വീകരിക്കുമോ യെന്ന് വിശദമാക്കാമോ; | (എ) | ബാങ്ക് അക്കൗണ്ട്, മണി ഓർഡർ, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് എന്നിവയിൽ ഗുണഭോക്താവ് തിരഞ്ഞെടുക്കുന്ന മാർഗ്ഗത്തിലൂടെയാണ് ക്ഷേമപെൻഷനുകൾ ഡിബിടി മുഖാന്തിരം അയയ്ക്കുന്നത്. ബാങ്ക് അക്കൗണ്ട് മുഖാന്തിരം പെൻഷൻ സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു എന്ന തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് ബുദ്ധിമുട്ടുള്ളവർക്ക് മണി ഓർഡർ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.<br>സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്നത് സംബന്ധിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഫീൽഡ് തല സർവ്വേ കുടുംബശ്രീ പ്രവർത്തകർ മുഖേന ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ, വിവിധ തൊഴിലാളി പെൻഷനുകൾക്കായി നൽകിയ അപേക്ഷകളിൽ, തീരുമാനമാകാത്തവ എത്ര വീതമെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ 2544 കർഷക തൊഴിലാളി പെൻഷൻ അപേക്ഷകളിന്മേൽ നടപടി പൂർത്തീകരിക്കാനുണ്ട്. |
| (സി) | യു.ഡി.എഫ് സർക്കാർ ഭരണമൊഴിയുമ്പോൾ വിവിധ പെൻഷനുകളിൽ നൽകാനുണ്ടായിരുന്ന കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 6,00,39,80,400/- രൂപ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 34,76,44,100/- രൂപ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 2,58,11,86,400/- രൂപ<br>4. 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - 12,38,96,000/-<br>5. കർഷക തൊഴിലാളി പെൻഷൻ - 41,23,44,000/- രൂപ<br>ആകെ- 9,46,90,50,900/- |

സെക്ഷൻ ഓഫീസർ